തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

## (ഭരണവിഭാഗം)

നം. 861/2020/അഡ്മിൻ(2) തീയതി: 04.01.2021

# വിജ്ഞാപനം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിൽ താഴെ കൊടുത്തിട്ടുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു (ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും ഓഫ്‌ലൈനായി അപേക്ഷിക്കുകയും വേണം).

| തസ്തികാനാമം | ഒഴിവുകളുടെ എണ്ണം | ശമ്പളസ്കെയിൽ |
|---|---|---|
| **അസോസിയേറ്റ് പ്രൊഫസർ** | | **7th യു.ജി.സി. പേ ബാൻഡ് അക്കാദമിക് ലെവൽ 13എ** |
| 1. മലയാളം (സാഹിത്യരചന) | 1 (ഒന്ന്) | |
| 2. ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ | 1 (ഒന്ന്) | |
| 3. പരിസ്ഥിതിപഠനം | 1 (ഒന്ന്) | |
| 4. വികസനപഠനം (തദ്ദേശവികസനം) | 1 (ഒന്ന്) | |
| 5. ചരിത്രം | 1 (ഒന്ന്) | |
| 6. സോഷ്യോളജി | 1 (ഒന്ന്) | |
| 7. ചലച്ചിത്രപഠനം | 1 (ഒന്ന്) | |

**പൊതു നിബന്ധനകൾ:**

**I. അപേക്ഷകർ മലയാളത്തിൽ അധ്യാപനം നിർവഹിക്കാൻ പ്രാപ്തിയുള്ളവരായിരിക്കണം.**

**II. ഉയർന്ന പ്രായപരിധി:**

ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

**III.** അപേക്ഷകർ ഗവേഷണം പൂർത്തിയാക്കാനെടുത്ത കാലയളവ് അധ്യാപന പരിചയത്തിനായി പരിഗണിക്കുന്നതല്ല.

**IV. വിദ്യാഭ്യാസയോഗ്യതകൾ:**

1. മികച്ച അക്കാദമിക് നിലവാരത്തോടു കൂടിയ ബന്ധപ്പെട്ട/അനുബന്ധ/പ്രയുക്ത വിഷയത്തിലുള്ള ഗവേഷണ ബിരുദം.
2. കുറഞ്ഞത് 55% മാർക്കോടെയുള്ള (ഗ്രേഡിങ്ങ് സിസ്റ്റം ഉള്ളിടത്ത് പോയന്റ് സ്കെയിലിൽ തത്തുല്യ ഗ്രേഡ്) ബിരുദാനന്തരബിരുദം.
3. സർവകലാശാല/കോളേജ്/അക്രഡിറ്റഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻ/ഇൻഡസ്ട്രി എന്നിവയിലേതിലെങ്കിലുമുള്ള 8 വർഷത്തെ അധ്യാപന/ഗവേഷണ പരിചയം. കൂടാതെ പൂർവാവലോകനം ചെയ്ത/യു.ജി.സി. പട്ടികയിൽ ഉൾപ്പെടുത്തിയ ഗവേഷണപത്രികകളിൽ ചുരുങ്ങിയത് 7 പ്രസിദ്ധീകരണങ്ങളും യു.ജി.സി. റഗുലേഷൻസ് അനുബന്ധം II പട്ടിക 2ലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള 75 റിസർച്ച് സ്കോറും ഉണ്ടായിരിക്കണം.

**അഭിലഷണീയം:**

നിശ്ചിത യോഗ്യതകൾക്കു പുറമെ താഴെ പറയുന്ന യോഗ്യതകൾ അഭിലഷണീയ യോഗ്യതകളായി പരിഗണിക്കുന്നതാണ്.

1. സാഹിത്യരചന: സർഗാത്മക സാഹിത്യരംഗത്ത് മൗലികമായ സംഭാവന.
2. ചലച്ചിത്രപഠനം: മലയാളസിനിമാരംഗത്ത് ഏതെങ്കിലും മേഖലയിൽ മൗലികമായ നേട്ടങ്ങൾ.
3. വികസനപഠനം (തദ്ദേശവികസനം): സാമ്പത്തികശാസ്ത്രം, സോഷ്യോളജി, രാഷ്ട്രമീമാംസ തുടങ്ങിയ അനുബന്ധ വിഷയങ്ങളിൽ ഏതിലെങ്കിലുമുള്ള ബിരുദാനന്തരബിരുദം.
4. ചരിത്രം: ലിപിവിജ്ഞാനീയത്തിലുള്ള അറിവ്.
5. പരിസ്ഥിതിപഠനം: കേരളത്തിന്റെ പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം

**V. മാർക്ക് ഇളവ്:**

ബിരുദാനന്തരബിരുദത്തിൽ 55% മാർക്ക് വേണമെന്ന നിബന്ധന എസ്.സി./എസ്.ടി. അപേക്ഷകരുടെ കാര്യത്തിൽ 50% ആയിരിക്കും. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ കാര്യത്തിലും മിനിമം മാർക്കിലുള്ള ഈ കുറവ് ബാധകമായിരിക്കും.

**VI. തെരഞ്ഞെടുപ്പ് രീതി:**

അർഹരായ അപേക്ഷകരെ ഇന്റർവ്യൂവിന് വിളിക്കുന്നതാണ്. നിയമാനുസൃതം രൂപീകൃതമായ തെരഞ്ഞെടുപ്പുസമിതികളുടെ തീരുമാനം അന്തിമമായിരിക്കും. ഏതെങ്കിലും രീതിയിലുള്ള ബാഹ്യ ഇടപെടലുകൾ അയോഗ്യതയായി പരിഗണിക്കും.

**VII. സാമുദായിക സംവരണം:**

സംവരണതത്വങ്ങൾ പൂർണമായി പാലിച്ചുകൊണ്ടായിരിക്കും നിയമനങ്ങൾ നടത്തുക.

**VIII. അപേക്ഷ സമർപ്പിക്കേണ്ട വിധം:**

അപേക്ഷയുടെ മാതൃക **www.malayalamuniversity.edu.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഓൺലൈനായും ഓഫ്ലൈനായും അയക്കേണ്ടതാണ്. ഫീസ് ഓൺലൈൻ ആയിത്തന്നെ അടയ്ക്കണം. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും തിരിച്ചു തരികയോ മറ്റാവശ്യങ്ങൾക്കായി ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

**IX. അപേക്ഷാ ഫീസ് :**

2500 രൂപ (എസ്.സി./എസ്.ടി.: 250 രൂപ)

**X. ഓൺലൈനായി അപേക്ഷ ലഭിക്കേണ്ട അവസാന തീയതി:**

05.02.2021 ന് വൈകുന്നേരം 5 മണിക്ക് മുൻപ്

**XI. വെബ്സൈറ്റ് അഡ്രസ്സ് :**

**www.malayalamuniversity.edu.in**

**XII. ബാങ്കിന്റെ വിശദാംശങ്ങൾ:**

ബാങ്കിന്റെ പേര് : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ശാഖ : തിരൂർ ടൗൺ
അക്കൗണ്ട് നമ്പർ : 32709117532
IFSC : SBIN0008678

**XIII. മറ്റു നിബന്ധനകൾ:**

എ) കേരള സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്നും യോഗ്യത നേടിയവർ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവകലാശാലകളിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

ബി) പരിഗണിക്കപ്പെടേണ്ട പ്രസിദ്ധീകരണങ്ങളുടെ ലിസ്റ്റ് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്. പ്രസിദ്ധീകരണങ്ങളുടെ ഒറിജിനൽ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.

സി) ഓൺലൈനായി സമർപ്പിച്ച അപേക്ഷ, ഓഫ്ലൈൻ അപേക്ഷ, ചലാൻ രശീതി, പ്രായം, യോഗ്യത, ഫീസിളവിനുള്ള അർഹത, പ്രവൃത്തിപരിചയം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ/സാക്ഷ്യപത്രങ്ങൾ തുടങ്ങിയവയുടെ പ്രിന്റൗട്ട് എടുത്ത് സ്വയം സാക്ഷ്യപ്പെടുത്തിയതിന്റെ 1 സെറ്റ് തയ്യാറാക്കി (6 സെറ്റ് അഭിമുഖം നടക്കുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്) **രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല, വാക്കാട് പി.ഒ., തിരൂർ – 676 502, മലപ്പുറം ജില്ല, കേരള** എന്ന വിലാസത്തിൽ 10.02.2021 ന് വൈകുന്നേരം 5 മണിക്കകം ലഭ്യമാകത്തക്കവിധം അയച്ചുതരേണ്ടതാണ്. ഇവ അയക്കുന്ന കവറിനു പുറത്ത് **"അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള അപേക്ഷ"** എന്ന് രേഖപ്പെടുത്തിയിരിക്കണം. സാക്ഷ്യപ്പെടുത്തിയ പകർപ്പുകളല്ലാതെ സർട്ടിഫിക്കറ്റുകളുടെയും/സാക്ഷ്യപത്രങ്ങളുടെയും അസ്സലുകൾ യാതൊരു കാരണവശാലും അയക്കാൻ പാടുള്ളതല്ല.

**ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ട അനുബന്ധ രേഖകൾ:**

(1) യോഗ്യതകളും വയസ്സും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ

(2) ഒ.ബി.സി. വിഭാഗത്തിലുള്ള അപേക്ഷകർ അവർക്ക് സംവരണ ആനുകൂല്യം ലഭിക്കുന്നതിനുള്ള ക്രീമിലെയർ സർട്ടിഫിക്കറ്റ്

(3) മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അപേക്ഷകർ ആ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച നിരാക്ഷേപ സർട്ടിഫിക്കറ്റ് (NOC)

നിയമനപ്രക്രിയ ആരംഭിക്കുന്നതിനു മുൻപോ, നടന്നുകൊണ്ടിരിക്കുന്നതിനിടയ്ക്കോ, നടന്നതിനു ശേഷമോ എപ്പോൾ വേണമെങ്കിലും അപേക്ഷാ ഫീസ് തിരിച്ചുനൽകാതെയും പ്രത്യേകിച്ച് കാരണമൊന്നും കാണിക്കാതെയും, അപേക്ഷകരെ നേരിട്ട് അറിയിക്കാതെയും നിയമനപ്രക്രിയയും ഈ വിജ്ഞാപനം തന്നെയും റദ്ദു ചെയ്യുന്നതിന് സർവകലാശാലയ്ക്ക് പൂർണമായ അധികാരമുണ്ടായിരിക്കും.

അപൂർണവും നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം

**രജിസ്ട്രാർ**